"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 04.11.2023

# വിജിലൻസ് ബോധവത്കരണ വാരാചരണ സമാപന സമ്മേളനം ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

വിജിലൻസ് ബോധവത്കരണ വാരാചരണം 2023-ന്റെ സമാപന സമ്മേളനം ഇന്ന് (04/11/2023) ശനിയാഴ്ച വൈകിട്ട് 4:30 മണിക്ക് തിരു: മാസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ വച്ച് ബഹു: സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

രാജ്യത്ത് ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമാണ് കേരളമെങ്കിലും നാം അതിൽ തൃപ്തരല്ലെന്നും, അഴിമതി പൂർണ്ണമായും മാറണമെന്നതാണ് ആവശ്യമെന്നും ഇങ്ങനെയുള്ള അവസ്ഥ നേടിയെടുക്കുന്നതിന് വിജിലൻസ് മികച്ച പങ്കാണ് വഹിക്കുന്നതെന്നും, വ്യത്യസ്ത രീതിയിൽ അഴിമതി ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നതായി ഉദ്ഘാടനം നിർവ്വഹിച്ച ബഹു: മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

അഴിമതി കാണിക്കുന്നവരോട് വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് നാം സ്വീകരിക്കുന്നതെന്നും, അതോടൊപ്പംതന്നെ അഴിമതി നടത്താനുള്ള അവസരങ്ങൾ ഇല്ലാതാക്കുന്നതിനും നാം ശ്രമിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള അവസരങ്ങൾ ഇല്ലാതാക്കുന്ന തിനാണ് പരമാവധി സേവനങ്ങൾ ഓൺലൈനാക്കി യതെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കേണ്ടകാര്യങ്ങൾ കൃത്യമായി നടന്നില്ലെങ്കിൽ അത് സാധാരണക്കാരെയാണ് ഏറ്റവും അധികം ബാധിക്കുന്നതെന്നും ഇക്കാര്യങ്ങളിൽ കൃത്യനിഷ്ഠയോടെ

സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നമ്മുടെ സമൂഹത്തിൽ ആവശ്യമാണ് എന്ന നിലയിൽ വിജിലൻസ് ആ ഭാഗത്ത് കൂടി ശ്രദ്ധിക്കേണ്ടതാണെന്നും ഓൺലൈനായി കാര്യങ്ങൾ നടത്തുമ്പോൾ ചില ഉദ്യോഗസ്ഥർ പഴയ രീതികൾ വച്ച് തെറ്റായ രീതികൾ വച്ചുപുലർത്താൻ ആരെങ്കിലും ശ്രമിക്കുന്നുവെങ്കിൽ അവരെ കണ്ടെത്തുവാനും അവർക്കെതിരെ കർക്കശനമായ നടപടികൾ സ്വീകരിക്കുവാനും വിജിലൻസ് തുടർന്നും തയ്യാറാകേണ്ടതാണെന്നും, ഫയൽ വൈകിപ്പിക്കുന്നത് അഴിമതിയുടെ ഭാഗമായിട്ടാണെങ്കിൽ പ്രത്യേകം കണ്ണോടെ അത് പരിശോധിക്കുവാൻ വിജിലൻസിന് കഴിയണമെന്നും ബഹു. മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് നടക്കുന്ന വികസന പദ്ധതികളിൽ ചിലത് അട്ടിമറിക്കുന്നതിന് ബോധപൂർവ്വം അതിനെതിരെയുള്ള വികാരം സൃഷ്ടിക്കാനുള്ള ശ്രമം നടക്കുന്നുണ്ടെന്നും അതിന് പിന്നിലുള്ള പൊരുൾ മനസ്സിലാക്കി ഇടപെടുന്ന രീതി വിജിലൻസിന്റെ ഭാഗത്ത് നിന്നും ഉണ്ടാകണമെന്നും ആ ഇടപെടലുകളെ കുറിച്ച് കൃത്യമായി മനസ്സിലാക്കി പദ്ധതി വൈകിപ്പിക്കുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനുള്ള നടപടികളും വിജിലൻസ് സ്വീകരിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ ബഹു. മുഖ്യമന്ത്രി പറഞ്ഞു.

അഴിമതിയിൽ വലുതോ ചെറുതോ എന്ന പ്രശ്നം ഇല്ലായെന്നും, അഴിമതി ഇല്ലാതാക്കുകയെന്നതാണ് പ്രധാനമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുമ്പോൾ തന്നെ ചിലർ അഴിമതി കാണിക്കുന്നത് തുടരുന്നെന്നും അത്തരം സംഭവങ്ങൾ പ്രത്യേകം നിരീക്ഷിക്കുന്നതിനും അതേ ഓഫീസിലെ മറ്റ് ഉദ്യോഗസ്ഥരെ അഴിമതിക്കെതിരെ പ്രതികരിക്കുന്നതിനും കരുത്തുള്ളവരാക്കുന്നതും ഇതിന്റെ ഭാഗമായി നാം സ്വീകരിക്കേണ്ട നടപടികളാണെന്നും മുഖ്യമന്ത്രി പറഞ്ഞു. അതിന്റെ ഭാഗമായി മിന്നൽ പരിശോധനകൾ വിജിലൻസ് നടത്തുന്നുണ്ട്. കൂടാതെ ചില ഓഫീസുകളെ കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുമ്പോൾ അതിന്റെ നിജസ്ഥിതി അറിയുവാനും വിജിലൻസ് ഇപ്പോൾ ശ്രമിക്കുന്നുണ്ടെന്നും, അതോടൊപ്പം സേവനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് കൃത്യമായി പരിശോധിക്കണമെന്നും സീറോ ടോളറൻസ് ടു കറപ്ഷൻ എന്നതായിരിക്കണം നമ്മുടെ മുദ്രാവാക്യമെന്നും പോരായ്മകൾ എവിടെയെങ്കിലുമുണ്ടെങ്കിലും അത് ചൂണ്ടിക്കാട്ടുവാനുള്ള സർവൈലൻസ് വിഭാഗമായി മാറാൻ വിജിലൻസിന്

കഴിയേണ്ടതുണ്ടെന്നും കൈക്കൂലി കൊടുക്കരുതെന്നും വാങ്ങരുതെന്നുമുള്ള ബോധവത്ക്കരണം നൽകുന്നതിനും നമുക്ക് കഴിയേണ്ടതുണ്ടെന്നും ബഹു. മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ ആവശ്യപ്പെട്ടു.

അനർഹമായതൊന്നും തനിക്ക് ആവശ്യമില്ലായെന്ന ബോധം കുട്ടികളിലും ചെറുപ്പക്കാരിലും ചെറുപ്പത്തിൽ തന്നെ വളർത്തിയെടുക്കണമെന്നും സ്കൂളുകളിലും കോളേജുകളിലും ഇതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ടെന്നും, അത്തരം ബോധവത്ക്കരണത്തിൽ വിജിലൻസിന് നല്ല പങ്ക് വഹിക്കാൻ കഴിയുമെന്നും കൈക്കൂലി വാങ്ങാത്ത ഒരു സമൂഹത്തെ പോലെ കൈക്കൂലി നൽകാത്ത ഒരു സമൂഹവും അങ്ങനെ വളർന്നു വന്നാൽ അഴിമതി പൂർണ്ണമായും നമുക്ക് മാറ്റാൻ സാധിക്കുമെന്നും, ഈ തലത്തിലേയ്ക്ക് ഉയരണമെങ്കിൽ ബഹുമുഖമായ ഇടപെടലുകൾ ഉണ്ടാക്കേണ്ടതായുണ്ടെന്നും, വിജിലൻസ് കൂടുതൽ ശാക്തീകരിക്കപ്പെടണമെന്നും അതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

വിജിലൻസിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച ത്രൈമാസ റിപ്പോർട്ടായ "വിജിലൻസ് ഇ-ബുള്ളറ്റിൻ" ന്റെ പ്രകാശനവും, വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ 2022-വർഷത്തേക്കുള്ള "ബാഡ്ജ് ഓഫ് ഓണർ ഫോർ എക്സലന്റ് ഇൻവെസ്റ്റിഗേഷൻ" പുരസ്കാര വിതരണവും ബഹു: മുഖ്യമന്ത്രി പ്രസ്തുത ചടങ്ങിൽ വച്ച് നിർവ്വഹിച്ചു.

സംസ്ഥാന ചീഫ് സെക്രട്ടറി ശ്രീ. വി. വേണു ഐ.എ.എസ്സ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ. വിനോദ് കുമാർ ഐ.പി.എസ് സ്വാഗതവും, വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ശ്രീമതി. ഹർഷിത അത്തല്ലൂരി ഐ.പി.എസ് നന്ദിയും പ്രകാശിപ്പിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിൻറെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി.കെ വിനോദ്കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.